

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

രാമന്തളി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./
സി.1/1406/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 25/09/2023
ഇ-മെയിൽ:
doknr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് മുഖേന (സെക്രട്ടറിഫോൺ: 0497-2707698)
രാമന്തളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : രാമന്തളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം രാമന്തളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച

ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./ സി.1/1406/23

തീയ്യതി: 25/09/2023

കണ്ണൂർ ജില്ലയിലെ രാമന്തളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ രാമന്തളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2022 മുതൽ 14-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 52 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 42 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം

ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.എ.ആർ. ജിതേന്ദ്രൻ	ഡെപ്യൂട്ടി ഡയറക്ടർ	16-08-2023	24-08-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
16-08-2023	24-08-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീമതി.സിന്ധു. ടി. പി., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
2.ശ്രീമതി.റീന പിട്ടൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3.ശ്രീമതി.ധന്യ.എം. വി., സീനിയർ ഗ്രേഡ് ഓഡിറ്റർ
4.ശ്രീ.പ്രമോദ്. കെ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ഷൈമ. വി	പ്രസിഡന്റ്	01-04-2022	31-03-2023
ശ്രീ.അശോകൻ എൻ കെ	സെക്രട്ടറി	01-04-2022	21-06-2022

ശ്രീ. സന്തോഷ് . പി	സെക്രട്ടറി-ഇൻ-ചാർജ്ജ്	22-06-2022	26-06-2022
ശ്രീ.അശോകൻ എൻ കെ	സെക്രട്ടറി	27-06-2022	19-09-2022
ശ്രീ. സന്തോഷ് . പി	സെക്രട്ടറി-ഇൻ-ചാർജ്ജ്	20-09-2022	02-10-2022
ശ്രീ.അശോകൻ എൻ കെ	സെക്രട്ടറി	03-10-2022	06-10-2022
ശ്രീ. സന്തോഷ് . പി	സെക്രട്ടറി-ഇൻ-ചാർജ്ജ്	07-10-2022	16-10-2022
ശ്രീ. മനോജ് കുമാർ . എ. കെ.	സെക്രട്ടറി	17-10-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി പ്രസീത കെ കെ പി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2022	30-09-2022
ശ്രീമതി വഹീദ കെ	അസിസ്റ്റന്റ് എഞ്ചിനീയർ	01-10-2022	31-03-2023
ശ്രീ ബൈജു കെ	വി ഇ ഒ ,രാമന്തളി	01-04-2022	31-03-2023
ശ്രീമതി സൗമ്യ സി എച്ച്	വി ഇ ഒ , കുന്നരു	01-04-2022	31-03-2023
ശ്രീമതി കൃഷ്ണജ നമ്പ്യാർ	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2022	31-07-2022
ശ്രീമതി സന്ധ്യാകുമാരി എ	ഐ സി ഡി എസ് സൂപ്പർവൈസർ	01-08-2022	02-01-2023

ശ്രീമതി വിഭ വി	ഐ സി ഡി എസ് സൂപ്പർവൈസർ	03-01-2023	28-03-2023
ശ്രീമതി കൃഷ്ണജ നമ്പ്യാർ	ഐ സി ഡി എസ് സൂപ്പർവൈസർ	29-03-2023	31-03-2023
ഡോ.ഭവ്യ ടി പി	മെഡിക്കൽ ഓഫീസർ, പി എച്ച് സി	01-04-2022	31-03-2023
ശ്രീ കെ ഗോപാലകൃഷ്ണൻ	ഹെഡ്മാസ്റ്റർ	01-04-2022	31-05-2022
ശ്രീ രമേശൻ കെ	ഹെഡ്മാസ്റ്റർ	02-07-2022	31-03-2023
ശ്രീമതി മിനി നാരായണൻ പി വി	അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ	01-04-2022	31-03-2023
ഡോ.ശ്രീരേഖ കെ പി	വെറ്റിനറി സർജൻ	01-04-2022	31-03-2023
ശ്രീമതി സ്മിത മാരാർ	ഡയറി എക്സ്റ്റെൻഷൻ ഓഫീസർ	01-04-2022	31-03-2023
ഡോ.സജിന എൻ എ വി	മെഡിക്കൽ ഓഫീസർ, ആയുർവേദ	01-04-2022	31-03-2023
ശ്രീമതി പ്രീത കെ	കൃഷി ഓഫീസർ	01-04-2022	31-01-2023
ശ്രീമതി നമിത രഘുനാഥ്	കൃഷി ഓഫീസർ	01-02-2023	31-03-2023
ശ്രീ. സന്തോഷ് . പി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2022	25-10-2022

ശ്രീ ചന്ദ്രശേഖരൻ. എം.	അസിസ്റ്റന്റ് സെക്രട്ടറി	26-10-2022	31-03-2023

ഹെഡ്മാസ്റ്റർ 01.06.22 മുതൽ 01.07.22 വരെ ഒഴിവ്

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന തരത്തിൽ രജിസ്റ്ററുകൾ കാലികമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.	1-1-2
4	ശരിയായ ശീർഷകത്തിൽ ബുക്ക് ചെയ്തില്ല.	1-1-3
5	മുഴുവൻ ഭൂമിയുടെ മൂല്യവും ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.	1-1-4
6	റിക്കൺസിലിയേഷൻ പത്രികയിൽ വ്യക്തതയില്ല.	1-1-5
7	വിവാഹ ധനസഹായം - വരവു ചെലവുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-6
8	അംഗീകരിക്കപ്പെട്ട വൗച്ചർ ഇല്ലാതെ പണം പിൻവലിച്ചു	1-1-7
9	യഥാർത്ഥ ചെലവ് ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല.	1-1-8
10	ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല	1-1-9
11	ആസ്തി മൂല്യം, ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല.	1-1-10
12	ബജറ്റ്	1-2
13	സാമ്പത്തിക നില	1-3
14	ഫണ്ട് വിനിയോഗം	1-4
15	പദ്ധതി അവലോകനം	1-5

16	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി	1-6
17	സാമൂഹ്യ സുരക്ഷാ പെൻഷൻ - കർഷക പെൻഷൻ ഗുണഭോക്താക്കളെ ഡാറ്റാബേസിൽ നിന്ന് ഒഴിവാക്കാൻ നിർദ്ദേശം നല്കാത്തത്-	1-7-1
18	ക്ഷേമപെൻഷൻ	1-7
19	ക്യാഷ് പരിശോധന	1-8
20	ആഭ്യന്തരനിയന്ത്രണം	1-9
21	ഗ്രാമസഭ	1-10
22	മുഴുവൻ സ്ഥാപനങ്ങളും എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.	1-11
23	ഏഴിമല നാവിക അക്കാദമി പരിധിയിലെ സ്ഥാപനങ്ങൾ നികുതികളും ഫീസുകളും ഒടുക്കുന്നില്ല	1-12
24	അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുന്നില്ല	1-13
25	കൂട്ടിചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയം നടത്തിയിട്ടില്ല.	1-14
26	പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു- ചട്ടലംഘനത്തിനുള്ള പിഴ ഈടാക്കേണ്ടതാണ്	1-15
27	കെട്ടിടത്തിന്റെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി- വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്	1-16
28	മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാത്തത്	1-17
29	തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.	1-18

30	സ്ട്രീറ്റ് ലൈൻ വലിക്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തതും മറ്റ് അപാകങ്ങളും-₹1087153 തടസ്സപ്പെടുത്തുന്നു.	1-19
31	സ്മാർട്ട് ഐ-ഫേസ് 1- വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല-177000രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു	1-20
32	ഐ കെ എം ന് ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-₹80000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-21
33	പുന്നക്കടവ് പുഴക്ക് സമീപം വല വിരിക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ. ₹2,50,000 തടസ്സപ്പെടുത്തുന്നു.	1-22
34	തെരുവ് വിളക്ക് സ്ഥാപിക്കൽ -അനുബന്ധ രേഖകൾ ഹാജരാക്കിയില്ല. ₹2,00,000 തടസ്സപ്പെടുത്തുന്നു. .	1-23
35	പരുത്തിക്കാട് കുഴൽകിണർ മെയിന്റനൻസ്-ക്വാളിറ്റി കൺട്രോൾ ടെസ്റ്റ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല- 9022രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു	1-24
36	വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾ- പടപ്പിൽ താഴെ കുടിവെള്ള പദ്ധതി- സ്ഥലലഭ്യത ഉറപ്പു വരുത്താതെ തുക കൈമാറി- പദ്ധതി പാതിവഴിയിൽ- 4200000 രൂപ മുടങ്ങിക്കിടക്കുന്നു.	1-25
37	അങ്കണവാടി പോഷകാഹാര വിതരണം-ന്യൂട്രിമിക്സ് - ജി എസ് ടി, ടി ഡി എസ് ചെയ്യാത്തതും മറ്റ് അപാകങ്ങളും-70455രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.	1-26
38	വികലാംഗർക്ക് ഇലക്ട്രിക്ക് വീൽ ചെയർ-അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല-250000രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു	1-27

39	പത്താമുദയം സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ ജില്ല-അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല- 141450 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു	1-28
40	എസ്.സി വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് ധനസഹായം-ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നല്കി-2,05,000രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.	1-29
41	ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല.94680 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-30
42	പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-മുൻകൂറായി നല്കിയ തുകയുടെ വിനിയോഗം നിരീക്ഷിക്കേണ്ടതാണ്	1-31
43	ബാലസഭാ പ്രവർത്തനങ്ങൾ-മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പരിധി പാലിച്ചിട്ടില്ല-69097രൂപ തടസ്സപ്പെടുത്തുന്നു.	1-32
44	ഹെൽത്ത് ആന്റ് വെൽനസ് സെന്ററർ- ഒരേ തുക രണ്ടു തവണ നല്കിയതും മറ്റ് അപാകങ്ങളും - 54973 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല	1-33
45	സാന്ത്വന പരിചരണം- ഗുണഭോക്തൃലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാത്തതും മറ്റ് അപാകങ്ങളും- 5400/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു	1-34
46	കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ-രേഖകൾ ഹാജരാക്കാത്തത്- 185152/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു	1-35
47	വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ.എസ്.സി -രേഖകൾ ഹാജരാക്കിയിട്ടില്ല-650000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.	1-36

48	വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ -രേഖകൾ ഹാജരാക്കിയിട്ടില്ല-1700000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.	1-37
49	നിഷ്ക്രിയ ആസ്തികൾ	1-38
50	ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല- വാർഷിക പദ്ധതിയിലെ വിവരങ്ങളിൽ പൊരുത്തക്കേടുകൾ	1-39
51	കുന്നോത്തുമൂല റോഡ് ടാറിംഗ്- ബി ഡി എസ് - ബിൽ ക്രമീകരിക്കാത്തത്	1-40
52	ജൽജീവൻ മിഷൻ - പദ്ധതി പ്രദേശങ്ങളുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല	1-41
53	മാലിന്യ സംസ്കരണം	1-42
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	ഹെൽത്ത് ആന്റ് വെൽനസ് സെന്ററർ- ഒരേ തുക രണ്ടു തവണ നല്കിയതും മറ്റ് അപാകങ്ങളും - 54,973/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല	3-1
ഭാഗം 4		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം/ഷെയറുകൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8

9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	ധനകാര്യ പത്രികകൾ	

ഭാഗം -1
പൊതു അവലോകനം

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രിക വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത്രാജ് അക്കൗണ്ട് റൂൾസ്, 62 എഫ് പ്രകാരം വ പത്രികയോടൊപ്പം സമർപ്പിക്കേണ്ട അടിസ്ഥാന അനുപാതങ്ങൾ, റൂൾ പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ എന്നിവ വ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.
അക്കൗണ്ട് മാന്വൽ നിലവിൽ വരാത്തതിനാലാണ് അടിസ്ഥാന ഉൾപ്പെടുത്താതിരുന്നതെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1.കേരളാ പഞ്ചായത്ത്രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരവും കേര (അക്കൗണ്ട്സ്) ചട്ടങ്ങൾ – 2011, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ഓഡ് 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്രഗവൺമെന്റ്, ധനകാര്യ കമ്മീ ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാ പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമി തീയതിയിലെ 163/23-നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ള ഫോറങ്ങൾ സഹിതം 27.07.2023 തീയതിയിൽ സമർപ്പിച്ചിട്ടുള്ളത ഗ്രാമപഞ്ചായത്തിന്റെ 31.03.2023 തീയതിയിൽ അവസാനിച്ച സാമ്പത്ത റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ് 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്ത ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അട അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ

Ii) സി & എ ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങ നല്കിയിട്ടുള്ള പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാ നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധ മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ന നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളു തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗ തത്ത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വ

അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീ അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ല ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നല്കിയ വിശദീകരണങ്ങളുടെയും അ അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾ രാമന്തളി ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തേ സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാ കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

കണ്ണൂർ,
25.09.2023

ജില്ലാ ഓഡിറ്റ് ക

1-1-2 വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കു രജിസ്റ്ററുകൾ കാലികമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷ്

അഡ്വാൻസ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ, ലോൺ രജിസ്റ്റർ, അപ്രോപ്രി രജിസ്റ്റർ തുടങ്ങിയവ വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുകകളെ തരത്തിൽ കാലികമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

1-1-3 ശരിയായ ശീർഷകത്തിൽ ബുക്ക് ചെയ്തില്ല.

1. 2021-22 AFS പ്രകാരം B-9 ലെ 350800299 Other Liabilities എന്ന ശീർഷക തൻവർഷത്തെ ചെലവു കഴിച്ചുള്ള തുക (₹63222) 22-23ലെ AFS ലെ B-4 ഷെ Liabilities എന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

2. 2021-22 ലെ AFS പ്രകാരം Movable Assets Others ൽ ഉൾപ്പെട്ട ഇനങ്ങ ധനകാര്യപത്രികയുടെ Fixed Assets Others എന്ന ഹെഡിലാണ് ഉൾപ്പെടുത്തി അപാകങ്ങൾക്കുള്ള വ്യക്തമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

1-1-4 മുഴുവൻ ഭൂമിയുടെ മൂല്യവും ധനകാര്യപത്രികയ് ഉൾപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുഴുവൻ ഭൂമിയ
ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത ഹെഡിൽ 1 ലക്ഷ
മൂല്യമായി രേഖപ്പെടുത്തിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥത
വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ അപൂർണ്ണമാണ്.

1-1-5 റിക്കൺസിലിയേഷൻ പത്രികയിൽ വ്യക്തതയില്

അക്കൗണ്ട് നം. 40408100010153 91 (KGB)ന്റെ റീക്കൺസിലിയേഷൻ പത്രി
31.03.23ന് ഡെബിറ്റ് ആയ മുഴുവൻ ചെക്കുകളുടെ തുകയും കണക്കിലെടു
ചെക്ക് നമ്പർ 17585/31.03.23, 17583/31.03.23 തുടങ്ങിയവ 31.03.23 തീ
മാറിയിട്ടുണ്ടെങ്കിലും അൺക്യാഷ്ഡ് ചെക്കായാണ് ഉൾപ്പെടുത്തിയത്.

1-1-6 വിവാഹ ധനസഹായം - വരവു ചെലവുകൾ വാർ ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായ
2022-23 സാമ്പത്തിക വർഷം ലഭിച്ചതും വിതരണം ചെയ്തതുമായ ₹60000 വ
പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റിനെ ബാധ
ഗ്രാമപഞ്ചായത്തിന്റെ എല്ലാ വരവു ചെലവുകളുടെയും വിവരങ്ങൾ
ധനകാര്യ പത്രിക അപൂർണ്ണമാണ്.

1-1-7 അംഗീകരിക്കപ്പെട്ട വൗച്ചർ ഇല്ലാതെ പണം പിൻവ

ഹെൽത്ത് ഗ്രാന്റ് (Conversion Of Rural PHC) ൽ നിന്നും 27.03.23, 28.03.23 തീയത
₹10973 രണ്ടു തവണ വീതം പി എഫ് എം എസ് ചെയ്തതിൽ ഒരു തവണ
ചെലവു മാത്രമാണ് യഥാർത്ഥത്തിൽ നടന്നിട്ടുള്ളത് (പ്രോജക്ട് നമ്പർ
ചെലവു പത്രികയിലും 54973/- രൂപ മാത്രമാണ് ചെലവ്.

1-1-8 യഥാർത്ഥ ചെലവ് ശീർഷകത്തിൽ ചെലവ് ബുക്ക്

A)തൻവർഷം വിവിധ ഡെപ്പോസിറ്റ് വർക്കുകളുടെ ഭാഗമായി കെ.എ
സെക്ഷന് അനുവദിച്ച തുകകൾ B-18 ലെ അഡ്വാൻസ് ടു ഇംപ്ലിമെന്റ
–ഡെപ്പോസിറ്റ് വിത്ത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് എന്ന
ഉൾപ്പെടുത്തിയിട്ടില്ല.

ക്രമ നം	പ്രൊജക്ട് നം/പേര്	അനുവദിച്ച തുക (രൂപ)
1	247/23	₹3,00,000
2.	252/23	₹57,153
3.	263/23	₹7,30,000
	ആകെ	₹1087153

ഡെപ്പോസിറ്റ് വർക്കുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ നിരീക്ഷിക്ക സൂക്ഷിക്കാത്തത് അപാകമാണ്.

B) Code No. 320300199 (Grant From Other Govt Agencies) ൽ തൻവർഷം (പ്രൊജക്ട് യുടെ ചെലവ് ഉണ്ടെകിലും ആയത് വാർഷിക ധനകാര്യ പത്രികയിൽ പ്ര ചെലവായി രേഖപ്പെടുത്തിയിട്ടില്ല. മറ്റു ഗ്രാന്റിനങ്ങളുടെ വിവരങ്ങൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും പ്രസ്തുത ചെലവ് കാണിച്ചി ശീർഷകത്തിലാണ് ബുക്ക് ചെയ്തതെന്ന് വ്യക്തമല്ല.

C) 12,16,134 രൂപ ബഡ്സ് സ്കൂൾ നടത്തിപ്പുമായി ബന്ധപ്പെട്ട അനുവദിച്ചിട്ടുള്ളതാണെങ്കിലും ആയത് ബഡ്സ് സ്കൂൾ ഗ്രാന്റിൽ നി കാണിക്കാതെ B-18 ൽ Advance To Others എന്ന ശീർഷകത്തിൽ ത് തുകയായാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ബഡ്സ് സ്കൂൾ ഗ്രാന്റായി ലഭി ബി 4 ഷെഡ്യൂളിൽ നീക്കിയിരിപ്പായി കാണിച്ചിട്ടുണ്ട്.

1-1-9 ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല

ഐ 18, ഐ 19 ഷെഡ്യൂളുകളിലെ പ്രയർ പിരിയഡ് ഇനങ്ങൾ പ്ര ബന്ധപ്പെട്ട ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്ക

1-1-10 ആസ്തി മൂല്യം, ഡിപ്രീസിയേഷൻ കണക്കാക്കിയ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല.

ബി-11, ബി-11(A), ബി-11(B), ബി-11(C), ബി-11(D), ബി-11(ഇ) ഷെഡ്യൂളുകളിര ആസ്തി മൂല്യം, ഡിപ്രീസിയേഷൻ ഇവ കണക്കാക്കിയതുമായി ബ ഹാജരാക്കിയിട്ടില്ല. ആസ്തി മൂല്യം കണക്കാക്കാൻ കഴിയുന്ന രീതിയിൽ അപ്ഡേഷൻ വരുത്തിയിട്ടില്ല എന്നതും അപാകമാണ്.

1-2 ബജറ്റ്

രാമന്തളി ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തേക്കു തീയതിയിലെ 101/22 നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 16.0 38/23 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

	ബജറ്റ് പ്രകാരം	പുതുക്കിയ ബജറ്റ് പ്രകാരം
മുന്നിരിപ്പ്	36,98,841	59,38,104
വരവ്	26,13,57,000	17,68,71,289
ആകെ	26,50,55,841	18,28,09,393
ചെലവ്	26,08,54,000	17,67,95,922
നീക്കിയിരിപ്പ്	42,01,841	60,13,471

1-3 സാമ്പത്തിക നില

മുന്നിരിപ്പ്	₹1,62,83,802
ഓഡിറ്റ് വർഷത്തെ ആകെ വരവ്	₹3,92,66,140
ആകെ	₹5,55,49,942
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	₹3,19,46,351
നീക്കിയിരിപ്പ്	₹2,36,03,591
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	₹54,973
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹51,74,409

റെസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവു ചെലവുകളിര സംരക്ഷണ ഗ്രാന്റ്, ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി, സ പദ്ധതികൾ തുടങ്ങിയ ഗ്രാന്റിനങ്ങൾ ഉൾപ്പെടുന്നില്ല. ആയര രേഖപ്പെടുത്തിയ വരവു ചെലവുകൾ അപൂർണ്ണമാണ്.

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ് ലാപ്സായ തുക
വികസന ഫണ്ട്-ജനറൽ	0	3,40,94,000	3,40,94,000	3,16,62,841	24,31,15
വികസന ഫണ്ട്-എസ്.സി.പി	0	33,92,000	33,92,000	32,09,098	1,82,90
മെയിന്റനൻസ് ഗ്രാന്റ്, നോൺ റോഡ്	0	60,88,000	60,88,000	57,56,235	3,31,76
മെയിന്റനൻസ് ഗ്രാന്റ്, റോഡ്	0	41,35,000	41,35,000	8,44,693	32,90,30
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ബേസിക്ക്	22,98,610	46,17,000+ 213346 (പലിശ) 53109 (മറ്റിനം) =48,83,455	71,82,065	22,50,872 (*)	49,31,19
സെൻട്രൽ ഫിനാൻസ്	57,20,049	93,82,808	1,51,02,857	87,17,750	63,85,10

കമ്മീഷൻ ഗ്രാന്റ്- ടൈഡ് ഫണ്ട്		(24,56,808 സ്റ്റിൽ ഓവറിനു വേണ്ടി ലഭിച്ചത്)			
പൈക്ക	3687	0	3687	0	368
ശുചിത്വമിഷൻ ഗ്രാന്റ്	172766	915215	1087981	915215	17276
ടി.എസ്.സി	149450	0	149450	0	14945
മറ്റ് ഗ്രാന്റുകൾ	14419	0	14419	0	1441
ഐ സി ഡി എസ്	495844	1230200	1726044	532028	119401
സാക്ഷരത	1504	43	1547	0	154
നബാർഡ്	2000	0	2000	0	200
ഹെൽത്ത് ഗ്രാന്റ്- ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ച്ചർ	0	268265	268265	235000	3326
ഹെൽത്ത് ഗ്രാന്റ്- പി എച്ച് സി എഫ് എച്ച് സി യായി ഉയർത്താൻ	0	136983	136983	110036(*)	2694
ലൈബ്രറി ഗ്രാന്റ്	154	0	154	0	15
ആയുഷ് ഗ്രാന്റ്	0	500000	500000	0	50000
മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള ധനസഹായം- ബഡ്സ് സ്കൂൾ ഗ്രാന്റ്	535250	3620755	4156005	0	4156005(**

ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന അപ്രോപ്രിയേഷൻ കൺ വിവരങ്ങൾ പൂർണ്ണമല്ല.

(*) 542511 രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ അപ്രോപ്രിയേഷൻ കണ ചെലവായി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവിനെ സാധൂക ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. സുലേഖ ചെലവു പത്രികയിലും വരുന്നില്ല. ആയത് ഒഴികെയുള്ള ചെലവാണ് ഇവിടെ ചേർത്തിട്ടുള്ളത്.

(**) ബഡ്സ് സ്കൂൾ ഗ്രാന്റിൽ നിന്നുള്ള ചെലവുകൾ ഹെഡ് മാറി രേഖപ്പെടു 4 ഷെഡ്യൂളിൽ ലഭിച്ച തുക മുഴുവനായും നീക്കിയിരിപ്പായി കാണിക്കുക

(***) ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ടൈഡ് ഫണ്ടിൽ സ്റ്റിൽ ഓവർ ചെലവ

24,56,808/- രൂപയിൽ നിന്ന് ചെലവഴിച്ച തുകയുടെ വിവരങ്ങ
കാണിച്ചിട്ടില്ലാത്തതിനാൽ ലാപ്സായ തുകയുടെ കൃത്യത ഉറപ്പു വരുത്താൻ

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ
ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	പൂർത്തീകരിച്ചത്	നടപ്പാക്കാത്തവ (എണ്ണം)
215	84573868	171	58401072	28	143	44

നിർവ്വഹണ ഉദ്യോഗസ്ഥൻമാർ മുഖാന്തിരം നടപ്പിലാക്കിയ പ്രോജക്ടുക
ചുവടെ ചേർക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	അംഗീകരിച്ച പദ്ധതികളുടെ എണ്ണം	നടപ്പിലാക്കിയത്	പദ്ധതി അടങ്കൽ	പദ്ധതി ചെലവ്	ചെലവ് ശതമാനം
കൃഷി ഓഫീസർ	13	12	5749136	4557179	79
വെറ്റിനറി സർജൻ	6	6	1240996	928446	75
മെഡിക്കൽ ഓഫീസർ-എഫ്എച്ച്സി	13	13	4479749	4041431	90
മെഡിക്കൽ ഓഫീസർ -ആയുർവ്വേദം	4	4	1650000	1650000	100
സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	3	3	472064	467904	99
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,രാമന്തളി	7	6	9073200	8423902	93
ഐസിഡിഎസ് സൂപ്പർവൈസർ	9	7	6644360	4700403	71
ഡയറി എക്സ്റ്റൻഷൻ ഓഫീസർ	2	2	2080270	1271250	61

സെക്രട്ടറി, ഗ്രാമപഞ്ചായത്ത്	44	36	11402718	8341077	73
ഹെഡ് മാസ്റ്റർ, ഗവ.എൽ.പി സ്കൂൾ	8	8	1549800	1493000	96
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കുന്നരു.	7	5	5018565	3277575	65
അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ)	91	61	30866459	14907317	48
അസിസ്റ്റന്റ് സെക്രട്ടറി, ഗ്രാമപഞ്ചായത്ത്	8	8	4346551	4341588	99.8
ആകെ	215	171	84573868	58401072	69

1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പ

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിര
ഭരണചെലവുകൾ	403	7,11,351	7,11,754	7,01,106	10,648
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	1,57,03,893	1,57,03,893	1,57,03,893	0
മെറ്റീരിയൽ ചെലവ്	0	89,40,107	8940107	89,40,107	0
ആകെ	403	2,53,55,351	2,53,55,754	2,53,45,106	10,648

1-7-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - കർഷക പെൻഷ ഗുണഭോക്താക്കളെ ഡാറ്റാബേസിൽ നിന്ന് ഒഴിവാക്കാ നല്കാത്തത്-

ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന ഡെത്ത് രജിസ്റ്ററിലെ വിവരങ റാൻഡം പരിശോധന നടത്തിയപ്പോൾ, സാമൂഹ്യ സുരക്ഷാ പെൻഷൻ ഗ മരണപ്പെടുന്ന മുറക്ക് ഒഴിവാക്കുന്നുണ്ടെങ്കിലും അതേ ഗുണഭോക്താ മുഖേന നല്കുന്ന കർഷക പെൻഷൻ കൈപ്പറ്റുന്നവരാണ ഒഴിവാക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽ പെട്ടു. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നം	പേര്	ആധാർ നമ്പർ	പെൻഷനർ ഐ ഡി	മരണപ്പെട്ട തീയതി	പെൻഷൻ വിതരണം നടത്തിയതിന്റെ വിവരങ്ങൾ

1	അബ്ബുശ് സലാം എ ഒ പി	942175655472	2220241956	08.02.2023	5/23 വരെ, ആക്കീവ്
2	അബ്ബുള്ള എ	458274514963	2220241990	25.01.2022	5/23 വരെ, ആക്കീവ്
3	സുവർണ്ണിനി അന്തർജനം വി പി	682076829756	2220241883	23.04.22	5/23 വരെ, ആക്കീവ്

അർഹത നഷ്ടപ്പെടുന്ന മുറക്ക് കർഷക പെൻഷൻ സസ്പെന്റ് ഗുണഭോക്താക്കളുടെ വിവരങ്ങൾ കൃഷി ഭവനിൽ അറിയിക്കുന്നതി സ്വീകരിക്കേണ്ടതാണ്.

1-7 ക്ഷേമപെൻഷൻ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ഗുണഭോക്താക്കളുടെ എണ്ണം	ചെലവഴിച്ച തുക ₹
കർഷക തൊഴിലാളി പെൻഷൻ	433	64,83,200
വിധവാ പെൻഷൻ	1195	1,70,07,600
വാർദ്ധക്യകാല പെൻഷൻ	1812	2,36,19,400
ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ	338	46,03,400
50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	57	8,25,200
വിവാഹ ധനസഹായം	2	60,000(*)

(*)വാർഷിക ധനകാര്യ പത്രികയിൽ ഈ തുക ഉൾപ്പെടുത്തിയിട്ടില്ല.

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള പരിശോധന 17.08.2023 (2.15 Pm) ന് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 29,546 നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫല
നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. ഓഡിറ്റ് വർഷത്തെ
പ്രവർത്തനം വിലയിരുത്തിയപ്പോൾ ഗ്രാമപഞ്ചായത്തിലെ ആഭ്യ
സംവിധാനം അത്ര മികച്ചതല്ല എന്ന നിഗമനത്തിലേക്കാണ് എത്തിച്ചേ
വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.രജിസ്റ്റർ സൂക്ഷിപ്പിലെ അപാകങ്ങൾ

ആസ്തി രജിസ്റ്റർ

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. മുൻവർഷങ്ങളിലേതുൾപ്പെടെ
ഉൾപ്പെടുത്താൻ ബാക്കിയുണ്ട്. പദ്ധതി രൂപീകരണ വേളയിലും അ
വിവരങ്ങളുമായി ഒത്തു നോക്കുന്നില്ല.

സ്റ്റോക്ക് രജിസ്റ്റർ

സ്റ്റോക്ക് രജിസ്റ്ററുകൾ നിശ്ചിത മാതൃകയിൽ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ
സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തി, ക്ലോസിംഗ് സ്റ്റോക്ക് സംബന്ധിച്ച
ഉൾപ്പെടെയുള്ള സാക്ഷ്യപത്രം രജിസ്റ്ററുകളിൽ പതിപ്പിക്കേണ്ടതുമാണ്. അ
മൂവബിൾ അസറ്റ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തി കാലികമാക്കേ

മുൻകൂർ രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ

രേഖപ്പെടുത്തിയ വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയുമായി പൊ
യഥാസമയം കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ

2. ഐ.എൽ.ജി.എം.എസ്

ഐ.എൽ.ജി.എം.എസ് സംവിധാനം വഴിയാണ് നിലവിൽ ഗ്രാമപഞ്ചാ
ചെലവുകൾ നടത്തി വരുന്നത് എന്നതിനാൽ വെരിഫിക്കേഷന് അ
വിവരങ്ങളും അപ്ലോഡ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. വിവരങ്ങൾ അപ
പലപ്പോഴും ഓൺലൈൻ പരിശോധന ശരിയായ രീതിയിൽ നടത്താൻ കഴ

3.മോണിറ്ററിംഗ്

വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്നും മോണിറ്ററിംഗ് സമിതി രൂപീകരിച്ച് പദ്ധ
നടത്തി ആയതിന്റെ അടിസ്ഥാനത്തിലുള്ള മോണിറ്ററിംഗ്
തയ്യാറാക്കിയിട്ടില്ല. മോണിറ്ററിംഗ് സമിതി രൂപീകരിച്ച് കൃത്യമായ പദ്ധ
നടത്തേണ്ടതാണ്

വർക്കിംഗ് ഗ്രൂപ്പ്

പദ്ധതി നിർദ്ദേശങ്ങൾ നല്കുന്നതിൽ മാത്രമായി അജണ്ടകൾ ചു
ആശാസ്യമല്ല. പദ്ധതി നിർവ്വഹണ വേളയിലും പൂർത്തിയായ ശേ
അവലോകനങ്ങൾ നടത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നല്കേണ

4.ഡെപ്പോസിറ്റ് പ്രവൃത്തികൾ

ഗ്രാമപഞ്ചായത്ത് നേരിട്ടും ജില്ലാ ബ്ലോക്ക് പഞ്ചായത്തുകൾ മുഖേനയും
പ്രദേശത്ത് ഡെപ്പോസിറ്റ് വർക്കുകളായി നടപ്പിലാക്കുന്നതിനായി വിവിധ
മുൻകൂറായി നല്കുന്ന തുകയുടെ വിനിയോഗം നിരീക്ഷിക്കുന്നതിന
നിലവിലില്ല. ഡെപ്പോസിറ്റ് വർക്കുകളുടെ കൃത്യമായ വിവരങ്ങൾ
രജിസ്റ്റർ സൂക്ഷിക്കേണ്ടതും എഗ്രിമെന്റ് കാലാവധിക്കകം
പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

ഉദാഹരണമായി ജില്ലാ പഞ്ചായത്ത് വിഹിതം ഉപയോഗപ്പെടുത്തി
നടപ്പിലാക്കിയ പടപ്പിൽ താഴെ കുടിവെള്ള പദ്ധതിക്കായി കേരള വാട്ടർ
2020-21 സാമ്പത്തിക വർഷം ഡെപ്പോസിറ്റ് ചെയ്ത 42 ലക്ഷം രൂപയുടെ
വരെ പൂർത്തിയായിട്ടില്ല. അനുയോജ്യത പരിശോധിക്കാതെ
കണ്ടെത്തിയതാണ് പദ്ധതി പൂർത്തീകരണത്തിന് തടസമായത്.
ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ ചെരിച്ചൽ കോളനി കുടിവെള
സാമ്പത്തിക വർഷം 10,00,000 രൂപയും 2020-21 സാമ്പത്തിക വർഷം
ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്) സംബന്ധിച്ച വിവരങ്ങളും ആസ്തി രജിസ്റ്റ
സംബന്ധിച്ച യാതൊരു ധാരണയും ഗ്രാമപഞ്ചായത്തിന് ഇല്ലാത്ത
നിലവിലുള്ളത്.
5.സി.എഫ്.സി ടൈഡ് ഫണ്ട് വിനിയോഗം
സി.എഫ്.സി ടൈഡ് ഫണ്ട് വിനിയോഗം സംബന്ധിച്ച് കേന്ദ്ര സംസ്ഥ
കൃത്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നല്കിയിട്ടുള്ളതാണ്. കുടിവെള്ളം, ശു
മേഖലകളിൽ പ്രയോജനം ലഭിക്കുന്ന പദ്ധതികൾ നടപ്പാക്കാനാണ് പ്രധ
ഫണ്ട് ഉപയോഗപ്പെടുത്താവുന്നതെങ്കിലും പൊതു ശുശാനം ബ്യൂട്ടിഫി
പ്രവൃത്തികൾക്കു വേണ്ടിയും ടൈഡ് ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്. മാ
പ്രകാരം അനുവദനീയമായ മേഖലകളിൽ മാത്രം ഫണ്ട് വകയിരുത്താൻ

വനിതാ ഘടക പദ്ധതി

വിവിധ അംഗൻവാടികളുടെ ഒന്നാം നിലയിൽ വനിതാ വികസന
പരിശീലന കേന്ദ്രങ്ങളും സ്ഥാപിച്ചിട്ടുണ്ട്. ആലു സിങ്ക് ഷീറ്റ് മേൽക്ക
കെട്ടിടങ്ങളിലും ചെയ്തിട്ടുള്ളത്. സെമി പർമനന്റ് ആസ്തികൾ സൃ
ചെലവുകൾക്ക് കാരണമാകും എന്നതിനാൽ ഇത്തരം എസ്റ്റിമേറ്റു
ഘട്ടങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്.
കെട്ടിടങ്ങൾ അതാത് ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കേ

1-10 ഗ്രാമസഭ

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ 15 വാർഡു സഭകളിൽ
തവണ), 12/22 മാസങ്ങളിലായി നാലു തവണ വീതം ഗ്രാമസഭകൾ സമ്മേ
2023-24 സാമ്പത്തിക വർഷങ്ങളിലേക്കുള്ള പദ്ധതി രൂപീകരണ
തെരഞ്ഞെടുപ്പ്, സ്റ്റാറ്റസ് റിപ്പോർട്ട് അവതരണം, പെൻഷൻ ഗ
അംഗീകരിക്കൽ, റേഷൻകടതല സമിതി രൂപീകരണം, വാതിൽപ്പടി
പൂർവ്വ ശുചീകരണം, ഭിന്നശേഷിക്കാർക്ക് സവിശേഷ തിരിച്ചറിയൽ
ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട വിഷയങ്ങ
അജണ്ടകളാണ്. അതാത് വാർഡുകളിൽ നടപ്പിലാക്കുന്ന പദ്ധതി
വിലയിരുത്തൽ അജണ്ടയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കേ
ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തിക
ഭാഷയിലുള്ള വിശദീകരണവും വിലയിരുത്തലും നടത്തേണ്ടതുണ്ട്.

1-11 മുഴുവൻ സ്ഥാപനങ്ങളും എഫ്.ടി.ഇ & ഒ.എസ് ലൈ എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

സാമ്പത്തിക വർഷാരംഭത്തിന് മുന്നോടിയായി എഫ്.ടി.ഇ&ഒ.എസ് ഡിമാന്റ് തിട്ടപ്പെടുത്തുന്നതിലേക്കായി ഫീൽഡ് തല പരിശോധന ന പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര – വ്യവസായ സംരംഭങ്ങളെ ക ലിസ്റ്റ് തയ്യാറാക്കേണ്ടതും സ്ഥാപനങ്ങൾ ലൈസൻസെടുക്കു വരുത്തേണ്ടതുമുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ സഞ്ചയ സോഫ്റ്റ് വെയറി വിവരങ്ങൾ പ്രകാരം വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കായ് കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കു

ക്രമ നമ്പർ	കെട്ടിടങ്ങളുടെ തരം	എണ്ണം
1	100^{m2} വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ	1652
2	100^{m2} മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ	102
3	200^{m2} മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ	63
4	വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യുവൽ സ്റ്റേഷൻ, അസംബ്ലി കെട്ടിടം തുടങ്ങിയവ	7
5	വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർപിരി ഷെഡ്	32
6	കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണമണ്ഡപം, സിനിമ തിയേറ്റർ, ലോഡ്ജ് എന്നിവ	8
7	ഇതര വ്യവസായങ്ങൾക്കുള്ളവ	12
	ആകെ	1876

ഓഡിറ്റിനു ലഭ്യമാക്കിയ 2022-23 വർഷത്തെ എഫ് ടി ഇ & ഒ ലൈ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തിയ 48 വിവരങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. ബാക്കിയുള്ള 1392 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്

വ്യക്തമാക്കുന്നതിനാവശ്യപ്പെട്ട് 22.8.23 ന് നൽകിയ 283ം നമ്പർ ഓഡ് മറുപടിയായി വാണിജ്യ, വ്യവസായ ആവശ്യങ്ങൾക്കായി നമ്പർ അ കെട്ടിടങ്ങളും ലൈസൻസ് എടുത്തിട്ടുള്ളതാണെന്നും, ബാക്കിയു നിലവിൽ ഉപയോഗിക്കാതെ പൂട്ടി കിടക്കുകയാണെന്നും അറിയിച്ചിട്ടു പരിഷ്ക്കരണത്തിന്റെ ഭാഗമായുള്ള ഫീൽഡ് പരിശോധനാ വേളയിൽ വരുത്തേണ്ടതിലേക്കായി വിഷയം ഗ്രാമപഞ്ചായത്ത് ഭരണസമിത ശ്രദ്ധയിൽ പെടുത്തുന്നു.

1-12 ഏഴിമല നാവിക അക്കാദമി പരിധിയിലെ സ്ഥാപ നികുതികളും ഫീസുകളും ഒടുക്കുന്നില്ല

ഏഴിമല നാവിക അക്കാദമിയിലെ തൊഴിൽനികുതി ഒടുക്കാ ജീവനക്കാർ, കരാർ ജീവനക്കാർ, മറ്റു വിഭാഗത്തിലുള്ളവർ എന നാളിതുവരെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല. നേവൽ അക്കാദമി പ ചെയ്യുന്നതും തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുമായ ജീ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ സ്വീ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി 22.8.23 ന് നൽകിയ 2 എൻകയറിക്ക് മറുപടിയായി തൊഴിൽ നികുതിമായി ബന്ധപ്പെട്ട് പങ നോട്ടീസുകൾക്ക് നേവൽ അക്കാദമി അധികൃതർ നൽകിയ മറുപട നിന്നും സ്പഷ്ടീകരണം ലഭ്യമാക്കുന്നതിനായി തദ്ദേശസ്വയംഭരണ സെക്രട്ട ഡെപ്യൂട്ടി ഡയറക്ടർ മുഖേന കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടു ലഭ്യമാകുന്ന മുറക്ക് തുടർനടപടികൾ സ്വീകരിക്കേണ്ടതും തൊഴിൽ ഗ്രാമപഞ്ചായത്തിൽ ഒടുക്കേണ്ടതായ വിവിധ നികുതികളും ഫീസ ചെയ്യുന്നതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

1-13 അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെ തുടർനടപടികൾ സ്വീകരിക്കുന്നില്ല

സഞ്ചയസോഫ്റ്റ് വെയർ അപ്ലിക്കേഷനിൽ നിന്നുള്ള റിപ്പോർട്ടുക പഞ്ചായത്ത് പരിധിയിൽ 24 അനധികൃത കെട്ടിടങ്ങളാണുള്ള കെട്ടിടങ്ങളുടെ രജിസ്റ്ററിൽ 17 അനധികൃത കെട്ടിടങ്ങളുടെ വിവ ചേർത്തിട്ടുള്ളത്.

2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃത കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നൽകിയവരുടെ ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നു യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വ വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യുന്ന തീയതി മുതൽ മാത്രമാണ് കേരള നിയമം 235 എഎ പ്രകാരം വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി

ചേർന്നുള്ള തുക ഈടാക്കുന്നതുൾപ്പെടെയുള്ള ശിക്ഷാ നടപടികളും
നിർമ്മിക്കപ്പെട്ട എടുപ്പുകൾക്കെതിരെയുള്ള നടപടികളും സ്വീകരിക്കാ
അനധികൃത കെട്ടിടങ്ങൾക്കെതിരെ സ്വീകരിച്ച നടപടികളുടെ
കെട്ടിടങ്ങൾക്കുമേൽ നിയമാനുസൃത നടപടികൾ സ്വീകരിച്ചതിന്റെ
ലഭ്യമാക്കുന്നതിനായി 22.8.23 ന് നൽകിയ 303ാം നമ്പർ ഓഡിറ്റ് എൻകൃയ
അനധികൃത നിർമ്മാണങ്ങൾ പൊളിച്ചുമാറ്റാൻ നോട്ടീസ് നൽകിയിട്ടു
തുടർനടപടി സ്വീകരിക്കുന്നതിന് മേലിൽ ശ്രദ്ധിക്കുന്നതാണെന്നും അറ
ഫീൽഡ് പരിശോധന നടത്തി നിജസ്ഥിതി കണ്ടെത്തേണ്ടതും
ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-14 കൂട്ടിചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉ വസ്തുനികുതി പുനർനിർണ്ണയം നടത്തിയിട്ടില്ല.

2016-17 സാമ്പത്തിക വർഷത്തെ കെട്ടിട നിർമ്മാണ പെർമിറ്റുമായി
പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.
1) ഏതാനും വാസഗൃഹങ്ങൾക്ക് കൂട്ടിചേർക്കൽ വരുത്തുന്നത്
അനുവദിച്ചിട്ടുണ്ട്. നിലവിൽ പെർമിറ്റ് കാലാവധി അവസാനിച്ച
പെർമിറ്റ് കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ല. സഞ്ചയ സോഫ്റ്റ്
കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ ഭൂരിഭാഗം
കൂട്ടിചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്ത
പുനർനിർണ്ണയം നടത്തിയതായും കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ

ക്രമ നമ്പർ	വാർഡ്/ കെട്ടിട നമ്പർ	ഉടമസ്ഥന്റെ പേര്	പെർമിറ്റ് നമ്പർ / കാലാവധി	അധിക നിർമാണത്തിനായി അനുമതി നൽകിയ തറവിസ്തീർണം (ച.മീ)	സഞ്ചയ പ്ര നികുതിനി തറവിസ്തീർ (ച.മീ)
1	VII/389	ജനാർദ്ദനൻ	63/16-17 31.8.16 To 30.8.19	GF(Ex)- 89.84 FF(Pro)-50.79	83.5
2	IV/126	ലളിത പത്മിനി	74/16-17 9.9.16 To 8.9.19	GF(Ex)-33.06 GF(Pro)-117.34 FF(Pro)-12.76	63
3	VII/365	മൊവ്വനാൽ കണ്ണൻ	88/16-17 9.9.16 To 8.9.19	GF(Ex)-255.78 FF(Pro)-318.06	213.75

4	II/256A	ഫൌസിയ	103/16-17 23.11.16 To 22.11.19	GF(Ex)-135.05 FF(Pro)-103.89	131
5	VIII/330	ദാമോദരൻ	157/16-17 11.1.17 To 10.1.20	GF(Ex)-83.96 FF(Pro)-55.99	72
6	18/324	രേഖ ദാമോദരൻ	172/16-17 14.2.17 To 13.2.20	GF(Ex)-78.67 GF(Pro)-10.83 FF(Pro)-75.15	64
7	X/64B *	കരപ്പാത്ത് രമേശൻ	62/16-17 20.7.16 To 19.7.20	GF(Ex)-59.17 GF(Pro)-34.96 FF(Pro)-22.80	സഞ്ചയയി കെട്ടിടം ഉ

2) മേൽ പട്ടികയിലെ ക്രമ നമ്പർ 7 കരപ്പാത്ത് രമേശൻ എന്ന വ്യക്തി കെട്ടിടത്തിന് 25.4.2016 ന് നമ്പർ അനുവദിച്ചിട്ടുള്ളതാണ്. എന്നാൽ സഞ്ചയയിൽ ഉൾപ്പട്ടിട്ടില്ല.
മേൽ പറഞ്ഞ കെട്ടിടങ്ങൾ പൂർത്തിയായിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ നിർമ്മാണം നടന്നിട്ടില്ല എന്നും ഉറപ്പുവരുത്തുന്നതിന് നടപടി സ്വീ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതും കരപ്പാത്ത് രമേശൻ എന്ന നമ്പർ കെട്ടിടം സഞ്ചയയിൽ ഉൾപ്പട്ടിട്ടില്ലാത്തതിന്റേയും വിശദാംശങ്ങ സംബന്ധിച്ച് 22.8.23 ന് നൽകിയ 310 നമ്പർ എൻകയറിക ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങൾക്ക് കൂട്ടിചേർക്കലുകൾ വരുത്ത് നികുതി പുനർനിർണ്ണയം നടത്തുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പി നം.77/2023 LSGD തീയതി 22.3.23 നമ്പർ ഉത്തരവ് പ്രകാരം നട വരുന്നുണ്ടെന്നും കരപ്പാത്ത് രമേശൻ എന്ന വ്യക്തിയുടെ X/64B നമ ബിൽഡിംഗ് രജിസ്റ്ററിലും, അസ്സസ്മെന്റ് രജിസ്റ്ററിലും ഉൾപ്പെട്ടിട്ടുള്ളത് സഞ്ചയ സോഫ്റ്റ് വെയറിൽ കൂടി ഉൾപ്പെടുത്തുന്നതിനു സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് പ്രത്യേക ആവശ്യമില്ലാത്തതിനാൽ പെർമിറ്റ് ഇല്ലാതെ ഇത്തരം നിർമ്മാണ സാധ്യതയുണ്ട്. ഇപ്രകാരം പെർമിറ്റില്ലാതെയുള്ള നിർമ്മാണം, കെട്ടിട നി പാലിച്ചു കൊണ്ടാണോയെന്ന് ഉറപ്പുവരുത്താനുമാവില്ല. ആയതിനാൽ ക്ലർക്കുമാർ ഫീൽഡ് തല പരിശോധന നടത്തി കൂട്ടിചേർക്കൽ വരുത്ത് നികുതി പുനർ നിർണയം നടത്തി അനധികൃത നിർമ്മാണം ഉറപ്പുവരുത്തേണ്ടതാണ്.
കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികു ഇനത്തിലുള്ള വരുമാന ചോർച്ച ഒഴിവാക്കേണ്ടതുമാണ്.

1-15 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇ പ്രവർത്തിക്കുന്നു-ചട്ടലംഘനത്തിനുള്ള പിഴ ഈടാക്കേ

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളു പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ട ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മു ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക സ്ഥാപിക്കാൻ പാടുള്ളതല്ല. രാമന്തളി ഗ്രാമപഞ്ചായത്തിലെ വാർഡ് അ ട്രെഡേഴ്സ് ലിസ്റ്റ് പരിശോധിച്ചതിൽ 2022-23 വർഷം എഫ്.ടി.ഇ & ഒ.എസ് ൈ താഴെ പറയുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ പാരാമെഡിക്കൽ നടത്തിയിട്ടില്ല.

ക്രമ നം.	കെട്ടിട നം./സ്ഥാപനം
1	IV/15F,ദന്തൽ ക്ലിനിക്
2	IV/15,16,17,ദന്തൽ ക്ലിനിക്

മേൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീസ് ഈടാക്കാത്തത് സ നൽകിയ 32ാം നമ്പർ ഓഡിറ്റ് എൻകുയറിക്ക് മറുപടിയായി മേൽ പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുക്കുന്നതിനുള്ള അറിയിപ്പ് അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ പാരാമെഡിക്കൽ രജിസ്ട്രേഷനോടെയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടത ഇല്ലാതെ പ്രവർത്തിക്കുന്ന മേൽ സ്ഥാപനങ്ങളിൽ നിന്നും ചട്ടം 8 പ്രകാരമ വിവരം അറിയിക്കേണ്ടതുമാണ്.

1-16 കെട്ടിടത്തിന്റെ ഉപയോഗക്രമം തെറ്റായി രേഖപ്പെ വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്

രാമന്തളി ഗ്രാമപഞ്ചായത്തിൽ നിന്നും 2022-23 കാലയളവിൽ എ ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാര സ്ഥാപനം പ്രവർത്തിക്കുന ഉപയോഗക്രമം പാർപ്പിടം എന്നാണ് സഞ്ചയ സോഫ്റ്റ് വെയർ രേഖപ്പെടുത്തിയിരിക്കുന്നത് .

ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ	സ്ഥാപന ഉടമയുടെ പേര്	കെട്ടിട ഉടമയുടെ പേര്	സംരംഭം	വാർഡ്/ കെട്ടിട നമ്പർ	സഞ്ച രേഖ ത്തിയ ഉപയ
68	രതീഷ്.കെ	പടിഞ്ഞാറെ വീട്ടിൽ ജനാർദ്ദനൻ	സോഡനിർമ്മാണം സ്റ്റോക്ക് &വിൽപ്പന	XIV/268	പാർപ്പ

ഇത് സംബന്ധിച്ച് 22.8.23 ന് നൽകിയ 39 ാം നമ്പർ ഓഡിറ്റ് എൻകുയറ ഗ്രാമപഞ്ചായത്തിലെ പഴയകാല കെട്ടിട വിവരങ്ങൾ സഞ്ചയയിൽ ചേ

ഡാറ്റാ എൻട്രിയിൽ വന്ന തെറ്റാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടെന്നും പഴയക രജിസ്റ്ററിൽ ടി കെട്ടിടത്തിന്റെ ഉപയോഗക്രമം പീടിക രേഖപ്പെടുത്തിട്ടുള്ളതെന്നും ആയതിനാൽ കെട്ടിടത്തിന്റെ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയ നടപടികൾ അറിയിക്കേണ്ടതും വസ്തുനികുതിയിനത്തിൽ കുറ ഈടാക്കേണ്ടതുമാണ്.

1-17 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്ക

രാമന്തളി ഗ്രാമപഞ്ചായത്ത് പരിധിയിൽ 9 മൊബൈൽ ടവറുകൾ പ്രവർ സഞ്ചയ സോഫ്റ്റ്വെയർ അപ്ലിക്കേഷനിൽ നിന്നുള്ള റിപ്പോർട്ട് ചേർത്തിരിക്കുന്ന 2 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുവ

വാർഡ് നം./ കെട്ടിട നം.	മൊബൈൽ ടവറിന്റെ വിവരം	കാലയളവ്	തുക
VIII/27A	റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്	2018-19 മുതൽ 2022-23 വരെ	61294+പിഴപലിശ
V/15F	സുമിത്ത് ഡിജിറ്റൽ ഇൻഫ്രാ സ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ്	2022-23	10216+പിഴപലിശ

കുടിശിക ഈടാക്കുന്നതിനായി സ്വീകരിച്ച തുടർ നടപട അറിയിക്കുന്നതിനായി 22.8.23 ന് നൽകിയ 403ാം നമ്പർ ഓഡിറ്റ് എൻകയറ വസ്തു നികുതി തുക കുടിശ്ശിക ഒടുക്കുന്നതിനായി ബന്ധപ്പെട്ട വ്യക്ത നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സംബന്ധ അറിയിക്കേണ്ടതാണ്.

1-18 തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ റവന്യൂ ചെലവുകളിൽ വലിയ വർദ്ധനവ് ആനുപാതികമായി റവന്യൂ വരവിൽ വർദ്ധനവുണ്ടായിട്ടില്ല. റവന്യു ചെ വരുന്ന സാഹചര്യം കണക്കിലെടുത്ത് തനത് വരുമാന പ്രയോജനപ്പെടുത്തുന്നതിലും പുതിയ സ്രോതസ്സുകൾ കണ്ടെത്തുന്നത് നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

വസ്തുനികുതിഃ

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുത ചട്ടങ്ങൾ പ്രകാരം തറവിസ്തീർണ്ണത്തിന്റെയടിസ്ഥാനത്തിൽ പുതിയ ക

ജനവരി 14 മുതലും നിലവിലുള്ള കെട്ടിടങ്ങൾക്ക വാടകമൂല്യത്തിന്റെയടിസ്ഥാനത്തിൽ നിർണ്ണയിച്ചിരുന്നത്) 2013 എപ്രി വസ്തുനികുതി പരിഷ്കരണം പ്രാബല്യത്തിൽ വന്നത്. കേരള പഞ്ചായത്ത് വകുപ്പ് 203 പ്രകാരം സർക്കാർ നിശ്ചയിച്ച ഏറ്റവും കുറഞ്ഞതും കൂടിയത വസ്തുനികുതി നിരക്കുകൾക്ക് അവ നിലവിൽ വന്ന തീയതി വർഷക്കാലമാണ് പ്രാബല്യമുണ്ടായിരുന്നത്.

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും വസ്തുനികുതി പരിഷ്കരണ പുറപ്പെടുവിച്ച സർക്കാരിന്റെ 22-03-2023 തീയതിയിലെ സ.ഉ.(കൈ)നം ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം 01-04-2023 തീയതി പ്രാബല്യത്ത പരിഷ്കരിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച അ പുറപ്പെടുവിക്കുകയോ, കെട്ടിടയുടമകൾ 9ബി ഫാറത്ത് വിവരങ്ങളുടെയടിസ്ഥാനത്തിലും 01-04-2023 പ്രാബല്യത്തിലുള്ള വസ്തുന ഉത്തരവിൽ നിഷ്കർഷിച്ച വ്യവസ്ഥകൾ പ്രകാരവും ഫീൽഡ് പരിശോധന ചെയ്തിട്ടില്ല. വസ്തു നികുതി പരിഷ്ക്കരണത്തിന്റെ കരട് വിജ്ഞാപന 20.7.2023 നമ്പർ തീരുമാന പ്രകാരം അന്തിമമായി അംഗീകരിച്ചിട്ടു ചുമത്തുന്നതിന് കെട്ടിടങ്ങളെ കണ്ടെത്തുന്നതിനുള്ള ജിയോഗ്രാഫി സിസ്റ്റം (ജി ഐ എസ്) മാപ്പിംഗ് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കാത്ത മുഴുവൻ കെട്ടിടങ്ങളും ഫീൽഡ് പരിശോധനയിലൂടെ തന്നെ കണ്ടെ നികുതി പരിഷ്ക്കരണ നടപടികൾ ത്വരിതപ്പെടുത്തുന്നതിന ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

തൊഴിൽനികുതിഃ

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ പ്രക സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കുവാൻ ബാധ്യസ തൊഴിലിൽ എർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ പ്രോഫഷണലുകൾ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന ലൈസ സൂപ്പർവൈസർമാർ, എൻജിനീയർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂൾ, കോളേജുകൾ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഏഴിമല നാവിക അക്കാദമിയിൽ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനിച്ചിട്ടുണ്ട്.

എല്ലാ വിഭാഗം പ്രൊഫഷണലുകളുടെയും, വ്യാപാരികളുടെയും, വ്യവ അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും, സ്വയം തൊ വ്യക്തികളുടെയും സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കേണ്ട നികുതിയിനത്തിലുണ്ടാകുന്ന വരുമാന ചോർച്ച പരിഹരിക്കേണ്ടതുമാണ്

എഫ് ടി ഇ & ഒ എസ് ലൈസൻസ്

ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിലു
ലിസ്റ്റിൽ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും വന്നിട്ടുണ
കഴിയില്ല. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മസേ
പ്രയോജനപ്പെടുത്തിയും വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമ
പരിശോധനയിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും ആ
സ്റ്റാൻഡിംഗ് കമ്മറ്റിയുടെ അംഗീകാരം വാങ്ങേണ്ടതും ലൈസൻസില്ലാ
പ്രവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്. FTE&OS ലൈസൻ
നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഈടാക്കുന്നതെങ്കിലും
ലൈസൻസ് പുതുക്കുമ്പോൾ സ്ഥാപനം തുടങ്ങുമ്പോൾ രേഖപ്പെ
നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് ഫീസ് ഈടാക്കുന്നത്
സൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടിയിരിക്കുന്
നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യ
നിക്ഷേപത്തിന്റെ കൃത്യത വ്യക്തമായ രേഖകൾ പരിശോധിച്ച് ഉറപ്പു
1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 അനുസരിച്ചുള്ള F
ഫീസുകൾ അത്തരം സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി പൂർണ്ണമായും ഈ
നടപടികൾ സ്വീകരിക്കേണ്ടതാണ്.

മറ്റ് വരവിനങ്ങൾ:

